വിഹിതത്തിൽ ഉൾപ്പെടുത്തിയുമാണ് സംസ്ഥാന ഔഷധ സസ്യ ബോർഡ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതുവരെ ഏകദേശം 1200 സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനങ്ങൾ സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ മേൽനോട്ടത്തിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 200 സ്കൂളുകളിൽകൂടി ഈ പദ്ധതി സമീപ ഭാവിയിൽത്തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

മരുന്നുകളുടെ ഗുണനിലവാരം

88 (2364) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ജില്ലാ-താലൂക്ക് ആശുപത്രികൾ കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്ക് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്റ്റോക്കുകൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഗുണനിലവാരമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഗുണനിലവാരമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താനായി തെരഞ്ഞെടുക്കപ്പെട്ട മരുന്നുനിർമ്മാണ കമ്പനികളിൽ ഡ്രഗ്സ് കൺട്രോളർ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള പ്രതിനിധികൾ ഉൾപ്പെട്ട Technical Committee പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമാണ് കോർപ്പറേഷനുമായുള്ള കരാർ ചെയ്ത് മരുന്ന് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly